നം.കെ.എസ്.എ.-കെ.ടി.എം.പി.15/1623/2017 തീയതി : 04.11.2017

# കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 17.10.2017-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും പഞ്ചായത്തിന്റെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുരേഷ് രാജു ഡി., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.10.2017 മുതൽ 17.10.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ശ്രീലത ആർ. ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശിവരാജ് പി. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീ ടി. ശശീന്ദ്രനാഥ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ കെ. ജി. ബാബു | 01.04.2016 മുതൽ 16.06.2016 വരെ |
| | മിനി | 17.06.2016 മുതൽ 03.07.2016 വരെ |
| | ബെവിൻ | 04.07.2016 മുതൽ 26.07.2016 വരെ |
| | ശ്രീ കെ. ജി. സലിംകുമാർ | 27.07.2016 മുതൽ 31.03.2017 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ പി. പ്രസാദ് | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി ടെസ്സി എബ്രഹാം | 01.04.2016 മുതൽ 31.03.2017 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ(CDPO) | അജിത കുമാരി | 01.04.2016 മുതൽ 18.07.2016-FN വരെ |
| | അർച്ചന എ. ആർ. | 18.07.2016-AN മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശാരദ സി. ആർ. | 01.04.2016 മുതൽ 31.07.2016 വരെ |
| | കെ. ജയലക്ഷ്മി | 01.08.2017 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി.- അയർക്കുന്നം | ഡോ. രേഖ ആർ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി.- സചിവോത്തമപുരം | ഡോ. രശ്മി ജി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>ഗവ. ആശുപത്രി-തോട്ടയ്ക്കാട് | ഡോ. പ്രീത എസ്. വൈ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>ബ്ലോക്ക് പി.എച്ച്.സി.-പനച്ചിക്കാട് | ഡോ. ആൻ ടിന സാം | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. റോയ് സക്കറിയ | 01.04.2016 മുതൽ 12.01.2017 വരെ |
| | ഡോ. മായ എസ്. രാജപ്പൻ | 13.01.2017 മുതൽ 31.03.2017 വരെ |
| ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ | വിനീത കെ. | 01.04.2016 മുതൽ 13.10.2016 വരെ |
| | ശ്രീ. അനിൽകുമാർ വി. ജി. | 14.10.2016 മുതൽ 31.03.2017 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം **1** -- പൊതു അവലോകനം | |
| 1-1 | ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം |
| 1-2 | ബജറ്റ് – വിശകലനം |
| 1-3 | വാർഷിക ധനകാര്യപത്രിക |
| 1-4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-5 | സാമ്പത്തിക വിശകലനം |
| 1-6 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-7 | തനത് വരുമാനം |
| 1-8 | പദ്ധതി അവലോകനം |
| 1-9 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം **2** -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2 | രസീതുകളുടെ വിനിമയം കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല |
| 2-3 | ഐ.എ.വൈ.-പദ്ധതി തുക നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകളില്ലാതെ നിലനിൽക്കുന്നു |
| ഭാഗം **3** -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഫർണിച്ചറുകൾ വാങ്ങിയത് സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല |
| 3-2 | അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 3-3 | കേരളോത്സവം- തുക മുഴുവനും വിതരണം ചെയ്തില്ല |
| 3-4 | വാഹനങ്ങളുടെ ലോഗ്ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ |
| 3-5 | കുറിച്ചി സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല |
| 3-6 | കൃഷി അസി.ഡയറക്ടർ നിർവഹണം നടത്തിയ 036/17-ഫലവൃക്ഷത്തൈ വിതരണം എന്ന പ്രോജക്ടിലെ അപാകതകൾ |
| 3-7 | ടാറിംഗ് പ്രവൃത്തികൾ - ബാരൽ വില ഈടാക്കിയില്ല |
| 3-8 | ഇ-ടെന്റർ -ടെന്റർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല |

| | |
|---|---|
| 3-9 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 3-10 | പി.എം.എ.വൈ.-ഭവന നിർമ്മാണ പദ്ധതി അവലോകനം |
| ഭാഗം **4 --** പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് ലക്ഷ്യം,മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധമായി സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ടി ഉത്തരവാദിത്തങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചുവോ, ബ്ലോക്ക് പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചുവോ, ഇപ്രകാരം ലഭിച്ച വരുമാനം പാഴ്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചോ, ഇപ്രകാരം ശേഖരിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിശ്ചയിച്ചത്. വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം. ഓഡിറ്റ് ലക്ഷ്യങ്ങളുടെ പരിശോധനാഫലങ്ങൾ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളായി ചുവടെ ചേർത്ത് അപാകതകളുടെ കാരണം, പരിഹാരനിർദേശം, സ്ഥിതിമെച്ചപ്പെടുത്താനുള്ള ശുപാർശ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ് - വിശകലനം

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 27.03.2017 തിയതിയിലെ 24/17-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | - | 35,920,204/- | 35,920,204/- | - |
| വരവ് | 283,960,037/- | 56,173,165/- | - | 227,786,872/- |
| ആകെ | 283,960,037/- | 92,093,369/- | - | 191,866,668/- |
| ചെലവ് | 281,812,540/- | 73,550,144/- | - | 208,262,396/- |

| | | | | |
|---|---|---|---|---|
| നീക്കിയിരിപ്പ് | 2,397,497/- | 18,543,225/- | 16,145,728/- | - |

ബജറ്റിൽ പ്രതീക്ഷിത വരവ്-ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർത്ഥത്തിലുള്ള തുകയുടെ നാല് ഇരട്ടിയിലധികം കൂടുതലായി കണക്കാക്കിയതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-3 വാർഷിക ധനകാര്യ പത്രിക

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2017 ആണ്. എന്നാൽ നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ 01.08.2017-ലെ KSA-KTM.P1-1290/2017 നം. കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. അതിനുശേഷം 2016-17 ധനകാര്യ പത്രിക എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 03.08.2017 ലെ 1266/2017 നം. കത്ത് പ്രകാരം 09.08.2017 തീയതിയിൽ തപാലിലും ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. വാർഷിക ധനകാര്യപത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി പാലിക്കേണ്ടതാണ്.

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

2016-17 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും ഖണ്ഡിക 2-1 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 സാമ്പത്തിക വിശകലനം

2016-17 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 35,920,204/- |
| വരവ് | 56,173,165/- |
| ആകെ | 92,093,369/- |
| ചെലവ് | 73,550,144/- |
| നീക്കിയിരിപ്പ് | 18,543,225/- |

## 1-6 ഫണ്ട് വിനിയോഗം - വിശകലനം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തിലെ വിവിധയിനം ഫണ്ടുകളുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ ലഭ്യമായ അലോട്ട്മെന്റ്, വിവിധ ഫണ്ടുകളുടെ പഞ്ചായത്ത് അക്കൗണ്ടിലൂടെയുള്ള വിനിയോഗം, വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെപ്പോയ തുക(അലോട്ട്മെന്റ് നീക്കിയിരിപ്പ്) എന്നിവയുടെ വിശദാംശം താഴെ ചേർക്കുന്നു. കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവ് വരുന്ന തുക മാത്രമാണ് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.

| ഫണ്ടിനം | മുൻബാക്കി | 2016-17 ൽ ലഭിച്ച അലോട്ട്മെന്റ് | ചെലവ് തുക | ചെലവ് ശതമാനം(%) | അലോട്ട്മെന്റ് നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 23,714,500/- | 15,808,450/- | 66.67 | 7,906,050/- |
| വികസനഫണ്ട് – എസ്.സി.പി. | 0 | 7,920,684/- | 7,920,684/- | 100 | 0 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 689,145/- | 128,000/- | 18.57 | 561,145/- |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3,653,739/- | 2,543,565/- | 69.61 | 1,110,174/- |

തൻവർഷം എസ്.സി.പി. വികസനഫണ്ട് അലോട്ട്മെന്റ് തുക മുഴുവനായും ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചു. എന്നാൽ വികസനഫണ്ട് – ടി.എസ്.പി. ഫണ്ടിന്റെ 18.57% മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്.

ബ്ലോക്ക് പഞ്ചായത്തിന് 2016-17 വർഷം അലോട്ട്മെന്റ് ലഭിച്ച ആകെ ഗ്രാന്റ് തുകയായ 35,978,068/- രൂപയിൽ 26,400,699/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആകെ ഗ്രാന്റുകളുടെ കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയുടെ 73.38% ചെലവഴിച്ചു.

## 1-7 തനത് വരുമാനം

വാർഷിക കണക്കുകൾ പ്രകാരം തൻവർഷ വരുമാനത്തിന്റെ വിശകലനം താഴെ ചേർക്കുന്നു.

| ഇനം | തൻവർഷം(2016-17) |
|---|---|
| നികുതി വരവുകൾ | - |
| നികുതിയേതര വരവുകൾ | 49,083/- |
| മറ്റുവരവുകൾ | 67,319/- |
| ആകെ | 108,402/- |

നികുതിയേതര വരവുകളിൽ RP-5,RP-43എന്നീ ഷെഡ്യൂളുകളിലെ ആകെത്തുകയാണ്. മറ്റുവരവുകൾ RP-9 ലെ പലിശ വരവാണ്.

## 1-8 വർഷികപദ്ധതി അവലോകനം

2016-17 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം, ലഭ്യമായ ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 36 | 24 | 18,141,609/- | 7,781,025/- | 42.89 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 1 | 1 | 338,000/- | 253,500/- | 75 |
| സി.ഡി.പി.ഒ. | 3 | 3 | 2,387,431/- | 1,192,298/- | 49.94 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 3 | 2 | 5,390,145/- | 2,535,000/- | 47.03 |
| ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ | 3 | 1 | 1,186,209/- | 49,800/- | 4.2 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. | 8 | 8 | 640,000/- | 621,750/- | 97.15 |
| മെഡിക്കൽ ഓഫീസർ-ഗവ. ആശുപത്രി | 2 | 2 | 150,000/- | 150,000/- | 100 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 4 | 4 | 1,299,739/- | 1,023,439/- | 78.74 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 39 | 26 | 21,857,169/- | 12,860,379/- | 58.84 |
| ആകെ | 99 | 71 | 51,390,302/- | 26,467,191/- | 51.5 |

തൻവർഷം വിഭാവനം ചെയ്യപ്പെട്ടവയിൽ 71.7% എണ്ണം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾക്കുള്ള ആകെ വകയിരുത്തലിന്റെ 51.5% ആണ് ചെലവ്.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ പല അപാകതകളും കാണപ്പെട്ടു. ബ്ലോക്ക് പഞ്ചായത്തിലും കൈമാറികിട്ടിയ സ്ഥാപനങ്ങളിലുമായി വർഷാവർഷം കമ്പ്യൂട്ടറുകൾ, ഫർണിച്ചർ ഉൾപ്പെടെ നിരവധി വാങ്ങലുകൾ നടത്തുന്നുവെങ്കിലും ഇവയുടെ വിശദാംശങ്ങൾ ചേർത്ത് കൃത്യമായി തയാറാക്കിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടറുകൾ, സോഫ്റ്റ്‌വെയറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ 24.09.10 ലെ 86/2010/ഫിൻ നമ്പർ സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

മേശ,കസേരകളുൾപ്പെടെ എത്രയിനം ഫർണിച്ചർ എത്രയെണ്ണം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലുണ്ടെന്നതിന്റെ പോലും കൃത്യമായവിവരം ഇല്ല.മുഴുവൻ ഇനങ്ങളും കൃത്യമായി എണ്ണിതിട്ടപ്പെടുത്തി ഓരോന്നിലും നമ്പർ പതിച്ച് വിവരം ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ തയാറാക്കേണ്ടതാണ്. വാഹനങ്ങളുടെ ലോഗ് ബുക്ക് കൃത്യമായവിവരങ്ങൾ ചേർത്ത് സംരക്ഷിക്കുന്നതിൽ കസ്റ്റോഡിയനായ സെക്രട്ടറി യാതൊരു ഉത്തരവാദിത്തവും കാട്ടുന്നില്ല. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകളുമായി ബന്ധപ്പെട്ട പ്രൊക്യൂവർമെന്റ് നിയമങ്ങൾ പാലിക്കുന്നതിലും വീഴ്ചവരുത്തിയിട്ടുണ്ട് നിലവിൽ അസി.എൻജിനീയറാണ് മരാമത്ത് പ്രവൃത്തികളുടെ നിർവഹണ ഉദ്യോഗസ്ഥൻ. കൂടാതെ സാംഖ്യാ കമ്പ്യൂട്ടർ രസീതുകളുടെ സ്റ്റോക്ക്, മാന്വൽ രസീതുകളുടെ സ്റ്റോക്ക് എന്നിവയും കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത്

സൂക്ഷിക്കുന്നില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അസിസ്റ്റന്റ് എൻജിനീയർ തയാറാക്കുന്ന എസ്റ്റിമേറ്റ് അംഗീകരിക്കുക, ചെക്ക്മെഷർ ചെയ്യുക എന്നീ പ്രവൃത്തികൾ മാത്രമാണ് ചെയ്യുന്നത് അസി.എക്സി.എൻജിനീയറെയും നിർവഹണഉദ്യോഗസ്ഥനാക്കി പ്രവൃത്തികളുടെ ചുമതല ഏല്പിക്കാവുന്നതാണ്.

ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ ഫലപ്രദമായിരുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.05.2017 മുതൽ 12.05.2017 വരെ | 2016-17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2014 | 2010-11 മുതൽ 2012-13 വരെ | LBA/HQ/II8A/2048/190 Dated-25.08.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 2,218,937/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 55,601,464/- രൂപയും ചെലവ് 53,382,527/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 92,093,369/- രൂപയും ആകെ ചെലവ് (നീക്കിയിരിപ്പ് ഒഴികെ) 73,550,144/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 18,543,225/- രൂപയാണ്. 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 61,024,737/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 56,405,035/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 4,619,702/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.

3) 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള വിവിധ ഗ്രാന്റിനങ്ങളുടെ വിനിമയം രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ടുകളിലെ ഇടപാടുകളാണ് രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കുന്നത്. അതിനാൽ വിവിധ ഗ്രാന്റുകളുടെ കണക്ക് ശീർഷം തിരിച്ചുള്ള കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

4) 320800101 ഉണഭോക്തൃ വിഹിതം ശീർഷകത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത വ്യക്തമല്ല.

5) 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരമുള്ള ഡെപോസിറ്റുകൾ ഒടുക്കിയവരുടെ വിശദാംശം ലഭ്യമല്ല.

6) വാടക അക്രുവൽ വരവിന്റെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 ലെ 431400101 ശീർഷകത്തിലെ വാടക 1,300/- രൂപ ലഭിക്കാനുള്ളതിന്റെ വിശദാംശം ലഭ്യമല്ല.

8) 412010101-Capital Work in Progress ന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കൃത്യത വ്യക്തമല്ല. പ്രസ്തുത കണക്ക് ശീർഷകത്തിന്റെ ലെഡ്ജറിൽ ഇടപാടുകൾക്ക് കൃത്യമായ വിവരണം നൽകാത്തതിനാലും ബാലൻസ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

9) 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ലെ 460100199-Other Advances, 460600199-Other Deposits ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല.

10) 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ലെ 460500201, 460500202, 460500204 എന്നീ ശീർഷകങ്ങളിലെ ബാലൻസ് ഡെപോസിറ്റ് രജിസ്റ്ററിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല. കെ.എസ്.ഇ.ബി.യിൽ

19,96,732/- രൂപയാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന് ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. 31.03.17 ലെ ബാലൻസ് ഷീറ്റിൽ 14,81,267/- എന്നാണ് കാണുന്നത്. 5,15,465/- രൂപ നിക്ഷേപിച്ചത് ആസ്തിയായി അക്കൗണ്ട് ചെയ്തതിനാലാണ് വ്യത്യാസം നിലനിൽക്കുന്നത്. അക്കൗണ്ടിങ്ങിലെ അപാകത ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഭൂജലവകുപ്പിൽ 47,79,267/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ 31.03.17 ബാലൻസ് ഷീറ്റിൽ 11,78,089/- രൂപ മാത്രമാണ് നീക്കിയിരിപ്പ്. വാട്ടർ അതോറിറ്റിയിലും 1,99,500/- നിക്ഷേപിച്ചതായി അക്കൗണ്ട് ചെയ്തിരിക്കുന്നു. എന്നാൽ വാട്ടർ അതോറിറ്റിയിൽ തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നിക്ഷേപിച്ചിട്ടില്ല. ടി ഇനത്തിൽ 16,06,108/- രൂപയുടെ വ്യത്യാസവും കാണുന്നു.
പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിലും അക്കൗണ്ടിങ്ങിലും മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. നിലവിൽ കണക്കാക്കിയ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

## 2-2 രസീതുകളുടെ വിനിമയം കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല

സാംഖ്യ കമ്പ്യൂട്ടർ രസീതുകൾ സ്റ്റോക്കിൽ ചേർത്ത് രസീതുകളുടെ ഉപയോഗം ക്രമപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നീല നിറത്തിലുള്ള കമ്പ്യൂട്ടർ രസീതുകളാണ് 2016-17 വർഷവും തുടർന്ന് 01.04.2017 മുതൽ 31.07.2017 വരെയുള്ള 4 മാസക്കാലയളവിലും ഉപയോഗിച്ചിട്ടുള്ളത് എന്ന് രസീത് പരിശോധനയിൽ ബോധ്യപ്പെട്ടു. 31.07.2017-ന ശേഷമാണ് പിങ്ക് നിറത്തിലുള്ള ക്യാഷ് രസീതുകൾ ഉപയോഗിച്ചു തുടങ്ങിയത്. 31.07.2017-വരെയുള്ള രസീതുകളുടെ സ്റ്റേഷനറി നം. ചുവടെ ചേർക്കുന്നു.

| കാലയളവ് | രസീത് സ്റ്റേഷനറി നം. | എണ്ണം |
|---|---|---|
| 2016-17 | 1885156-1885245 | 90 |
| 4/2017-7/2017 | 1885246-1885260 | 15 |

ബ്ലോക്ക് പഞ്ചായത്തിൽ സ്റ്റോക്കിൽ നീക്കിയിരിപ്പുള്ള രസീതുകളുടെ വിശദാംശം ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കമ്പ്യൂട്ടർ രസീതുകളുടെ വിനിമയം ക്രമീകരിക്കേണ്ടതാണ്.

മാന്വൽ രസീത് ബുക്കുകളുടെ വിനിമയവും കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 25.03.2017-ൽ 5 എണ്ണം രസീത് ബുക്കുകൾ ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ രസീത് ബുക്കുകളുടെ നമ്പർ, ലഭ്യമാക്കിയ ഉദ്യോഗസ്ഥൻ നൽകിയ ഇൻഡന്റിന്റെ വിശദാംശം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 03.05.2017-ൽ 1251 നം. രസീത് ബുക്ക് കുറിച്ചി ഹോമിയോ ആശുപത്രി മെഡിക്കൽ ഓഫീസർക്ക് ഇഷ്യൂ ചെയ്തതായും ബാക്കിയുള്ള 4 രസീത് ബുക്കുകൾ 03.08.2017-ൽ മായ എം. നായർ ഹെഡ് ക്ലാർക്കിന് നൽകിയതായും രേഖപ്പെടുത്തിയിരിക്കുന്നു. ഹെഡ് ക്ലാർക്കിന് നൽകിയ രസീത് ബുക്കുകൾ സ്റ്റോക്കിൽ ബാലൻസായിട്ടുള്ള രസീതുകളാണ്. ടി രസീതുകൾ സ്റ്റോക്കിൽത്തന്നെ സൂക്ഷിക്കേണ്ടതാണ്. രസീത് ബുക്കുകൾ ലഭ്യമാകുമ്പോൾ രസീത് ബുക്ക് നം., ഇൻഡന്റ് എന്നിവ ചേർത്ത് സ്റ്റോക്കിലെടുക്കേണ്ടതാണ്.

കമ്പ്യൂട്ടർ/മാന്വൽ രസീത് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി രസീതുകളുടെ വിനിമയം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-3 ഐ.എ.വൈ.-പദ്ധതി തുക നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകളില്ലാതെ നിലനിൽക്കുന്നു

2012-13 വർഷം ഐ.എ.വൈ.-പദ്ധതിക്കായി ലോൺ എടുത്ത തുക നിക്ഷേപിച്ച സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് വിതരണം ചെയ്ത ശേഷവും പ്രസ്തുത അക്കൗണ്ടുകളിൽ നിലവിൽ പലിശ മാത്രം ക്രെഡിറ്റ് ചെയ്ത് ഇടപാടുകളില്ലാതെ നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | സാംഖ്യ കണക്ക് ശീർഷകം | 31.03.2017-ലെ നീക്കിയിരിപ്പ് |
|---|---|---|---|
| പുതുപ്പള്ളി വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1504 | A/c No.6949 | 450630102 | 14,777/- |
| പനച്ചിക്കാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1504 | A/c No.5703 | 450220101 | 6,065/- |

മേൽപറഞ്ഞ ബാങ്ക് അക്കൗണ്ടുകളിലെ 31.03.2017-ലെ നീക്കിയിരിപ്പ് തുക 20,842/- രൂപ നിലവിൽ ഐ.എ.വൈ. വായ്പ തിരിച്ചടവിനായി വിനിയോഗിക്കാവുന്നതാണ്. ഇടപാടുകളില്ലാത്ത ടി ബാങ്ക് അക്കൗണ്ടുകൾ

ക്ലോസ് ചെയ്യുന്നതിനുള്ള നടപടിയെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഫർണിച്ചറുകൾ വാങ്ങിയത് സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല

2016-17 സാമ്പത്തികവർഷം സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഭാഗമായി കുഴിമറ്റത്തുള്ള പ്രകാശ് ലൈബ്രറിയ്ക്കും, തിരുവഞ്ചൂരുള്ള വൃദ്ധസദനത്തിനും നൽകുന്നതിനായി ഫർണിച്ചറുകളും കമ്പ്യൂട്ടറുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ ബ്ലോക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ രേഖകൾ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ചെലവ് | വാങ്ങിയ സാധനങ്ങൾ |
|---|---|---|
| എസ്. ഒ.109/16-17<br>പ്രകാശ് ലൈബ്രറിയ്ക്ക് ഫർണിച്ചർ വാങ്ങൽ | 96527 രൂപ<br>വികസനഫണ്ട്(പൊതുവിഭാഗം) | അലമാര - 2<br>മേശ - 2<br>സ്റ്റീൽ കസേര - 1<br>എൽ.ഇ.ഡി ടി.വി. -1<br>കമ്പ്യൂട്ടർ - 1<br>യു.പി.എസ് -1<br>പ്ലാസ്റ്റിക് കസേര -50 |
| എസ്. ഒ.111/16-17<br>വൃദ്ധസദനത്തിന് ഫർണിച്ചർ വാങ്ങൽ | 41808 രൂപ<br>വികസനഫണ്ട്(പൊതുവിഭാഗം) | പ്ലാസ്റ്റിക് കസേര -60<br>മേശ - 2<br>വാട്ടർ പ്യൂരിഫയർ -1 |
| ആകെ ചെലവ് 138335 രൂപ | | |

ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ 138335 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-2 അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തുക കൈമാറൽ (കുറിച്ചി, പുതുപ്പള്ളി)- എന്ന പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്കിന് കീഴിലുള്ള കുറിച്ചി, പുതുപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 529000 രൂപ പിൻവലിച്ചു. ഇതിൽ 250000 രൂപ കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഡിഡി ആയി നൽകി (239716/21.1.17). 279000 രൂപ പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ടിലേയ്ക്കും ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ പുതുപ്പള്ളിയിലെ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിയ്ക്കുന്നതായി അധികൃതർ പറഞ്ഞു. എന്നാൽ കുറിച്ചിയിലെ അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. ആയതിനാൽ 250000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-3 കേരളോത്സവം- തുക മുഴുവനും വിതരണം ചെയ്തില്ല

കേരളോത്സവം - റ്റി.എ വിതരണം ചെയ്തില്ല

പള്ളം ബ്ലോക്ക് പഞ്ചായത്തിലെ 2015-16 വർഷത്തെ കേരളോത്സവപരിപാടിയുടെ ഭാഗമായി വിവിധ കലാകായിക മത്സരങ്ങളിൽ 50 മത്സരാർത്ഥികൾ പങ്കെടുത്തതായും ഇവർക്ക് റ്റി.എ നൽകുന്നതിനായി ഒരാൾക്ക് 150

രൂപ വീതം ആകെ 7500 രൂപ നൽകണമെന്നുമുള്ള ജി.ഇ.ഒ ശ്രീ.അനിൽ കുമാറിന്റെ അഭ്യർത്ഥന പ്രകാരം ടിയാൾക്ക് ചെക്ക് നം 0531097/ 28.2.17 തീയതിയിൽ 7500 രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക മത്സരാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല . ഈവിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10) നൽകിയ മറുപടിയ്ക്ക് കൈപ്പറ്റിയ 7500 രൂപയിൽ 6300 രൂപ 42 മത്സരാർത്ഥികൾക്കായി വിതരണം ചെയ്തു എന്നും ബാക്കി 1200 രൂപ തന്റെ കൈവശമുണ്ടെന്നും, ഈ തുക ഒരു വോളിബോൾ ടീമിലുൾപ്പെട്ട 8 മത്സരാർത്ഥികൾക്ക് നൽകാനുള്ളതാണെന്നും തുക കൈപ്പറ്റാൻ അറിയിച്ചിട്ടും അവർ ഓഫീസിൽ ഹാജരായില്ലെന്നും ജി.ഇ.ഒ മറുപടി നൽകി. ആയതിനാൽ തുക വിതരണം ചെയ്ത് രേഖകൾ ലഭ്യമാക്കുന്നതു വരെ 1200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വാഹനങ്ങളുടെ ലോഗ്ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ

പള്ളം ബ്ലോക്കിലെ പ്രസിഡന്റിന്റെയും സെക്രട്ടറിയുടേയും വാഹനങ്ങളുടെ ലോഗ്ബുക്ക് സൂക്ഷിപ്പ് തൃപ്തികരമല്ല. ലോഗ് ബുക്കിലെ പ്രതിമാസ സംക്ഷിപ്തം കൃത്യമായി എഴുതുന്നില്ല. വാഹനങ്ങളിലെ ഡീസലിന്റെ ഉപയോഗക്രമത്തിൽ അവ്യക്തത നിലനില്ക്കുന്നു. സെക്രട്ടറിയുടെ വാഹനത്തിന്റെ ലോഗ് ബുക്കിലെ 6/16 മുതൽ 12/16 വരെയുള്ള പ്രതിമാസ സംക്ഷിപ്തം പ്രകാരം വാഹനത്തിന്റെ ടാങ്കിൽ ബാക്കിയുള്ള ഡീസലിന്റെ അളവ് യഥാക്രമം 162 ലിറ്റർ, 164 ലി. 154 ലി., 178.92 ലി., 122.22 ലി., 156.48 ലി., 102 ലി. എന്നിങ്ങനെയാണ്. വാഹനത്തിന്റെ ഫുൾടാങ്ക് കപ്പാസിറ്റി 50-60 ലിറ്റർ ആയിരിയ്ക്കെ ഇത്രയും ഡീസൽ മിച്ചം വന്നതെങ്ങിനെയെന്ന കാര്യത്തിൽ അവ്യക്തതനിലനിൽക്കുന്നു. പ്രസിഡന്റിന്റെ വാഹനത്തിന്റെ ലോഗ് ബുക്കിൽ പ്രതിമാസ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഓരോ സ്ഥലത്തേയ്ക്കുമുള്ള യാത്രയുടെ കിലോമീറ്ററുകളുടെ രേഖപ്പെടുത്തലുകളിലും അവ്യക്തതയുണ്ട്. പള്ളം- കുറിച്ചി, പള്ളം - പുതുപ്പള്ളി ദൂരം യഥാക്രമം 12 കി.മീ., 6 കി.മീ ആയിരിയ്ക്കേ 76കി.മീ , 68 കി.മീ, എന്നിങ്ങനെയാണ് ലോഗ് ബുക്കിൽ ചേർത്തിട്ടുള്ളത്.

മാത്രമല്ല ഇൻഡന്റ് ഉപയോഗിച്ച് ഡീസൽ അടിയ്ക്കുന്നതിൽ അനാസ്ഥ കാണിക്കുന്നു. ഇന്ധനം വാങ്ങുന്നതിനും ഇ-പെയ്മെന്റ് സംവിധാനം കൊണ്ടുവരേണ്ടതാണ്.

## 3-5 കുറിച്ചി സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ,സി.എച്ച്.സി കുറിച്ചി നിർവഹണ ഉദ്യോഗസ്ഥനായി സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി പ്രോ.നം.017/17 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്ന് 150000/ രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേക്ക് ട്രഷറി ബിൽ നം.2/17.3.17 പ്രകാരം മാറി നല്കിയിട്ടുണ്ട്. എന്നാൽ 101543/രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്.

48457 രൂപയ്ക്കുള്ള മരുന്ന് ഇനിയും ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 48457 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 കൃഷി അസി.ഡയറക്ടർ നിർവഹണം നടത്തിയ 036/17, ഫലവൃക്ഷത്തൈ വിതരണം എന്ന പ്രോജക്ടിലെ അപാകതകൾ

ടി പ്രോജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്ന് 253500 രൂപയും ഗുണഭോക്തൃ വിഹിതം 84500 രൂപയും (ആകെ 338000/)ചെലവ് ചെയ്ത് 9 ഇനം ഫലവൃക്ഷത്തൈകൾ 338 എണ്ണം വീതം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ , കാക്കനാട്, കൊച്ചിയിൽ നിന്ന് വാങ്ങിയതായി ഇൻവോയ്സ് പ്രകാരം കാണുന്നു.

എന്നാൽ വിതരണം സംബന്ധിച്ച രേഖകൾ പ്രകാരം 212 പേർ മാത്രമാണ് തൈകൾ കൈപ്പറ്റിയതായി കാണുന്നത്. ഇവർ എത്ര തൈകൾ കൈപ്പറ്റിയെന്നോ, ഏതൊക്കെ തൈകളാണ് കൈപ്പറ്റിയതെന്നോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. കൂടാതെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമായതിന്റെ ആധികാരിക രേഖകളും ഇല്ല. കൃഷിഭവൻ, കുറിച്ചി, കൃഷിഭവൻ,പനച്ചിക്കാട് എന്നിവിടങ്ങളിൽ നിന്ന് ലഭ്യമായ, കൃഷി ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റുകളുടെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇത് ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റാണെന്ന് ഉറപ്പാക്കാനാവുന്നില്ല. 338 പേരിൽ നിന്ന് 250 രൂപ വീതം ഗുണഭോക്തൃവിഹിതം ശേഖരിച്ചുവെങ്കിലും ഇവർ തന്നെയാണ് യഥാർഥ ഗുണഭോക്താക്കളെന്നും എല്ലാവരും തൈകൾ കൈപ്പറ്റിയെന്നും തെളിയിക്കുന്ന ആധികാരിക രേഖകൾ ലഭ്യമല്ല. ഈ സാഹചര്യത്തിൽ 126 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 1,26,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ടാറിംഗ് പ്രവൃത്തികൾ - ബാരൽ വില ഈടാക്കിയില്ല

പള്ളം ബ്ലോക്ക് പഞ്ചായത്ത് 2016-17 വർഷം ചുവടെ ചേർക്കുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികൾക്കുപയോഗിച്ച ടാറിന്റെ കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റ് | ഉപയോഗിച്ച ടാർ | കോൺട്രാക്ടർ | ബാരൽ വില |
|---|---|---|---|
| 59/16,ഗിരിദീപം-കാർത്തികപ്പള്ളി-കൊല്ലക്കൊമ്പ് റോഡ്. | 2476 കിലോ,16 ബാരൽ | ജോമോൻ എബ്രഹാം. | 283 x 16 =4528 |
| 60/16, കളത്തിപ്പടി-കാഞ്ഞാണി റോഡ്. | 2841 കിലോ,19 ബാരൽ | ടി | 283 x 19 =5377 |
| ആകെ | | | 9905/ |

ബാരൽ വില കരാറുകാരനിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 3-8 ഇ-ടെണ്ടർ -ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല

ചുവടെ ചേർക്കുന്ന പ്രവൃത്തികൾ 2016-17 വർഷം ഇ-ടെണ്ടർ നടത്തിയിരുന്നുവെങ്കിലും ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ഇനിയും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ടെണ്ടർ ഫീസ് | ടെണ്ടറുകളുടെ എണ്ണം |
|---|---|---|
| പ്രോ.71/16,ആനക്കുഴി കോളനി അടിസ്ഥാനസൗകര്യവികസനം | 2650 | 2 |
| പ്രോ.68/16,ആര്യാട് കോളനി സമഗ്രവികസനം | 1070 | 2 |
| പ്രോ.75/16,വലിയപാറ-പോളശ്ശേരി റോഡ് | 1070 | 6 |
| പ്രോ.63/16,ചേന്നോത്ത് റോഡ് | 1050 | 4 |
| പ്രോ.82/16,എം.ആർ.എഫ് ജം.-വലിയപാറ റോഡ് | 1070 | 6 |
| പ്രോ.64/16,കോട്ടയം വൃദ്ധസദനം | 1450 | 7 |
| 58/16,പൊയ്കയിൽപടി-ചീരംകുളം റോഡ് | 1470 | 7 |
| 67/16,അസി.എക്സി.എൻജിനീയർ ഓഫീസ്,സ്റ്റോർറൂം നിർമാണം. | 1660 | 3 |
| 72/16,അറുമാനൂർ യുവജനക്ഷേമകേന്ദ്രം | 1050 | 3 |
| 57/16 ഉദിക്കാമല പൊട്ടക്കുളം നവീകരണം | 1160 | 2 |
| 70/16, നീറിക്കാട് എസ്.സി.കോളനി ടി.വി സെന്റർ,ഒന്നാം നില നിർമാണം | 1070 | 3 |
| 76/16,മെറ്റീരിയൽ റിക്കവറി സെന്റർ | 1810 | 3 |
| 62/16,മലകുന്നം കല്ലുകടവ് ചാലച്ചിറ റോഡ് | 1310 | 3 |
| 60/16,കളത്തിപ്പടി കാരാണി റോഡ് | 1470 | 5 |
| 59/16,ഗിരിദീപം കാർത്തികപ്പള്ളി കൊല്ലക്കൊമ്പ് റോഡ് | 1470 | 5 |
| 61/16,കൊച്ചുമറ്റം വിജയപുരം അതിർത്തി റോഡ് | 1050 | 5 |
| 91/16,സചിവോത്തമപുരം സി.എച്ച്.സി അടിസ്ഥാനസൗകര്യവികസനം | 550 | 2 |
| 66/16,പനച്ചിക്കാട് പി.എച്ച്.സി ക്ക് ഗേറ്റ്,മറ്റ് നിർമാണ പ്രവൃത്തികൾ | 550 | 2 |
| 117/16,കവല-ചാത്തങ്കരി പാടശേഖരം വാച്ചാൽ നിർമാണം. | 2630 | 2 |
| 118/16,ഉദിക്കാമല കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ,പൈപ്പ്മാറ്റൽ മുതലായവ | 1370 | 2 |
| 116/16,കൊക്കാട് പാടശേഖരം വാച്ചാൽ നിർമാണം. | 1470 | 1 |

ടെണ്ടർ ഫീസ് തുക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷം നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്റ്റുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നം./പേര് | ചെലവ് | (വൗച്ചർ നം./ഡി.ഡി നം./തീയതി) | ഡി.ഡി ആർക്ക് കൊടുത്തു | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | എസ്.ഒ. 06/112-17(കുഴിമറ്റം ഡിവിഷനിൽ സ്ട്രീറ്റ് ലൈൻ) | വികസനഫണ്ട് 499810 | വൗച്ചർ നം. 21600710/9.3.17 | കെ.എസ്.ഇ.ബി | സെക്രട്ടറി |
| 2 | എസ്.ഒ. 84/16-17 (വയലിൽപ്പടി-പന്തംമാക്കൽ കുടിവെള്ള പദ്ധതി) | വികസനഫണ്ട്-495000 | ഡി.ഡി നം. 239602/3.1.17 | ഭൂജലവകുപ്പ് | സെക്രട്ടറി |
| 3 | എസ്.ഒ. 108/16-17 (ആനത്താനം കുടിവെള്ളപദ്ധതി) | വികസനഫണ്ട് 500000 | 21600711/9.3.17 | ഭൂജലവകുപ്പ് | സെക്രട്ടറി |
| 4 | എസ്.ഒ. 80/16-17 (പനച്ചിക്കാട് പഞ്ചായത്തിലെ 8,11, വാർഡുകളിൽ ഇലക്ട്രിക് ലൈൻ വലിയ്ക്കൽ) | വികസനഫണ്ട് 125089 | ഡി.ഡി നം. 239715/18.1.17 | കെ.എസ്.ഇ.ബി | സെക്രട്ടറി |
| 5 | എസ്.ഒ.20/16-17 (വൈദ്യുതി ലൈൻ വലിയ്ക്കുന്നതിന്-കൊല്ലാട് ഡിവിഷൻ) | വികസനഫണ്ട് 678089 തനത് ഫണ്ട് 15655 | ഡി.ഡി നം. 239716/18.117 | കെ.എസ്.ഇ.ബി | സെക്രട്ടറി |
| 6 | എസ്.ഒ.19/16-17 (പാത്താമുട്ടം ഡിവിഷനിൽ 12,13,14,16 വാർഡുകളിൽ വൈദ്യുതി ലൈൻ വലിയ്ക്കൽ | വികസനഫണ്ട് 678089 | ഡി.ഡി നം 1)239744/18.1.17 2)239737/8.1.17 3)239736/8.1.17 | കെ.എസ്.ഇ.ബി | സെക്രട്ടറി |
| 7 | എസ്.ഒ. 19/16-17 (വടക്കൻ മണ്ണൂർ കുടിവെള്ള പദ്ധതി) | വികസനഫണ്ട് 500000 | ഡി.ഡി നം 132840/28.10.17 | ഭൂജലവകുപ്പ് | സെക്രട്ടറി |
| 8 | എസ്.ഒ. 19/16-17 (വല്യേലിൽ കുടിവെള്ള പദ്ധതി) | വികസനഫണ്ട് 784267 | ഡി.ഡി നം 239963/31.1.17 | ഭൂജലവകുപ്പ് | സെക്രട്ടറി |
| 9 | എസ്.ഒ.52/16-17 | വികസനഫണ്ട് | വൗച്ചർ നം. | ഭൂജലവകുപ്പ് | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | (മണിയാറ്റിൻകര കുടിവെള്ള പദ്ധതി) | 500000 | 21600455/28.10.16 | | |
| 10 | എസ്.ഒ. 54/16-17 (തുമ്പിയ്ക്കാനിയ്ക്കൽ കുടിവെള്ള പദ്ധതി) | വികസനഫണ്ട് 500000 | വൗച്ചർ നം. 21600454/28.10.16 | ഭൂജലവകുപ്പ് | സെക്രട്ടറി |
| 11 | എസ്.ഒ.85/16-17 (കുറിച്ചി സചിവോ ത്തമപുരം ഐ.റ്റി.സി ജംഗ്ഷന് സമീപം കിണർ കുത്തി വെള്ളം എത്തിയ്ക്കൽ | വികസനഫണ്ട് 500000 | വൗച്ചർ നം. 21600453/28.10.16 | ഭൂജലവകുപ്പ് | സെക്രട്ടറി |
| 12 | എസ്.ഒ. 83/16-17 (ചക്കാലമറ്റം - അമ്പലപ്പടി കുടിവെള്ള പദ്ധതി) | വികസനഫണ്ട് 500000 | വൗച്ചർ നം. 2160045൨/28.10.16 | ഭൂജലവകുപ്പ് | സെക്രട്ടറി |
| 13 | എസ്.ഒ.85/16-17 (കുറിച്ചി സചിവോത്തമപുരം ഐ.റ്റി.സി ജംഗ്ഷന് സമീപം കിണർ കുത്തി വെള്ളം എത്തിയ്ക്കൽ) | വികസനഫണ്ട് 500000 | വൗച്ചർ നം. 21600453/28.10.16 | ഭൂജലവകുപ്പ് | സെക്രട്ടറി |
| | ആകെ | 67,75,999/- രൂപ | | | |

മേല്പറഞ്ഞ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരേയ്ക്കും 67,75,999/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പി.എം.എ.വൈ.-ഭവനനിർമ്മാണ പദ്ധതി അവലോകനം

2016-17 വർഷം പി.എം.എ.വൈ. പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 പഞ്ചായത്തുകളിൽ നിന്നായി ആകെ 21 ഗുണഭോക്താക്കളാണുള്ളത്. 2 ലക്ഷം രൂപ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ച 7 ഗുണഭോക്താക്കളാണുള്ളത്. 7 ഗുണഭോക്താക്കൾ റൂഫ് ലെവലും 4 ഗുണഭോക്താക്കൾ ലിന്റൽ ലെവലും ഒരു ഗുണഭോക്താവ് ബേസ് ലെവലിലും നിലവിൽ ഗൃഹനിർമ്മാണം നടത്തിയതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാകുന്നു. അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ വിൻസി, ഏലിയാമ്മ ഗോപാലൻ എന്നീ ഗുണഭോക്താക്കൾ 48,000/- രൂപ വിതം കൈപ്പറ്റിയ ശേഷം ഗൃഹനിർമ്മാണത്തിന്റെ തുടർ ഘട്ടങ്ങൾ പൂർത്തീകരിച്ചതായി കാണുന്നില്ല. ടി ഗുണഭോക്താക്കളുടെ ഗൃഹനിർമ്മാണത്തിന്റെ വിശദാംശം പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ബ്ലോക്ക് പഞ്ചായത്തിന് 2016-17 വർഷം സംയുക്ത പ്രോജക്ടുകൾക്കായി തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഐ.എ.വൈ. വിഹിത തുകകൾ വിവിധ പഞ്ചായത്തുകൾ, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിച്ചത് വാർഷിക കണക്കിൽ പ്രോജക്ടിനായി ലഭിച്ച തുകയായിട്ടാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി., ഭൂജലവകുപ്പ് എന്നീ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ആകെ ... രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|
| കെ.എസ്.ഇ.ബി. | 1,996,732/- | 0 | 1,996,732/- |
| ഭൂജലവകുപ്പ് | 4,779,267/- | 0 | 4,779,267/- |

ഡെപോസിറ്റ് ചെയ്ത പ്രോജക്ടുകളുടെ വിശദാംശം ഖണ്ഡിക 3-9 ൽ നൽകിയിട്ടുണ്ട്. മേൽപറഞ്ഞ ഡെപ്പോസിറ്റ് പ്രവൃത്തികളുടെയും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് തുകയായി നിലനിൽക്കുന്നത് 1,481,267/- രൂപയാണ്. 515,465/- രൂപയുടെ ഡെപോസിറ്റ് ആസ്തിയിൽ അക്കൗണ്ട് ചെയ്തത് ഡെപ്പോസിറ്റായി ക്രമീകരിക്കേണ്ടതാണ്. ഭൂജല വകുപ്പിൽ നിക്ഷേപിച്ച 4,779,267/- രൂപയിൽ 3,173,089/- രൂപ രണ്ട് ശീർഷകങ്ങളിലായി ബാലൻസ് നിൽക്കുന്നത്. 1,606,108/- രൂപ ആസ്തിയായി അക്കൗണ്ട് ചെയ്തത് ഡെപ്പോസിറ്റിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകൾ അക്കൗണ്ട് ചെയ്തതിലെ അപാകത (ഖണ്ഡിക 2.1.10) പരിഹരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും എടുത്തിട്ടില്ല. വായ്പ തുകയുടെ തിരിച്ചടവിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | 31.03.2017 വരെ വായ്പ എടുത്ത തുക | 01.04.2016-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2016-17 തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ.(എം.എസ്.) നം.193/13 /തസ്വഭവ 24.05.2013 | പുതുപ്പള്ളി എസ്.സി.ബി. ലിമിറ്റഡ് നം.3831 A/C No. 00031828000000 | 25 ലക്ഷം | 2,000,000/- | 250,000/- | - | 1,750,000/- |
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ.(എം.എസ്.) നം.90/13 /തസ്വഭവ 14.03.2013 | പനച്ചിക്കാട്റീജിയണൽ എസ്.സി.ബി. ലിമിറ്റഡ് നം.3959 A/C No. 0141290000001 | 47.5 ലക്ഷം | 4,750,000/- | 4,141,974/- | 1,560,607/- | 608,026/- |

2015-16 പ്രോജക്ട് പ്രകാരമുള്ള വായ്പ തിരിച്ചടവ് തൻവർഷമാണ് നടത്തിയിട്ടുള്ളത്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രിക 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും സ്ഥിരനിക്ഷേപമായി തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കുകൾ പ്രകാരം ഈയിനത്തിൽ തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും

അടവാക്കിയിട്ടില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര് തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99, 99-00 | 28,34 എ | 2003-04 | പേജ് 63 | 1) പനമ്പിക്കാട്- വെള്ളൂമാക്കൽപ്പാടം സംരക്ഷണഭിത്തി 17000 രൂപ<br>2) റോഡ് നിർമാണം (പനമ്പിക്കാട്- മലവേടൻ കോളനി) നികുതി വിഹിതങ്ങൾക്കായി വകയിരുത്തിയ തുക കൺവീനർക്ക് നൽകി 19600 രൂപ | പരിഗണിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56,173,165/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73,550,144/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,905/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 73,39,991/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 138,335/- | ശ്രീ കെ. ജി. സലിംകുമാർ, സെക്രട്ടറി |
| 3-2 | 250,000/- | ശ്രീ കെ. ജി. സലിംകുമാർ, സെക്രട്ടറി |
| 3-3 | 1,200/- | ശ്രീ കെ. ജി. സലിംകുമാർ, സെക്രട്ടറി |
| 3-5 | 48,457/- | ഡോ. രശ്മി ജി.,മെഡിക്കൽ ഓഫീസർ-സി.എച്ച്.സി കുറിച്ചി |
| 3-6 | 1,26,000/- | ശ്രീമതി ടെസ്സി എബ്രഹാം, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-9 | 6,775,999/- | ശ്രീ കെ. ജി. സലിംകുമാർ, സെക്രട്ടറി |
| ആകെ | 73,39,991/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96,96-97 | എൽ.എഫ്.കെ.പി.1/819/01/12.6.01 |
| 1997-98 | എൽ.എഫ്.കെ.പി.1/37/08/9.7.08 |
| 1998-99,99-00 | എൽ.എഫ്.കെ.പി.1/481/03/17.1.04/16.3.04 |
| 2000-01,01-02 | എൽ.എഫ്.കെ.പി.1/320/08/20.4.10 |
| 2002-03 | എൽ.എഫ്.കെ.പി.1/980/05/11.10.06 |
| 2003-04 | എൽ.എഫ്.കെ.പി.11/637/11/10.9.12 |
| 2004-05 | എൽ.എഫ്.കെ.പി.11/638/11/6.3.12 |
| 2005-06 | എൽ.എഫ്.കെ.പി.11/639/11/19.1.12 |
| 2006-07 | എൽ.എഫ്.കെ.പി.11/391/13/11.6.13 |
| 2007-08 | എൽ.എഫ്.കെ.പി.11/392/13/13.6.13 |
| 2008-09 | എൽ.എഫ്.കെ.പി.11/393/13/13.6.13 |
| 2009-10 | എൽ.എഫ്.കെ.പി.11/394/13/14.8.13 |
| 2010-11 | എൽ.എഫ്.കെ.പി.11/1086/14/23.10.14 |
| 2011-12 | എൽ.എഫ്.കെ.പി.11/215/14/7.6.14 |
| 2012-13 | എൽ.എഫ്.കെ.പി.11/830/14/9.6.15 |
| 2013-14 | കെ.എസ്.എ.കെ.ടി.എം.പി11/253/15/14.9.15 |
| 2014-15, 2015-16 | കെ.എസ്.എ.-കെ.ടി.എം.പി11-134/2017/08.02.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2016-17

നം.കെ.എസ്.എ-കെ.ടി.എം.പി15.1623/2017 തീയതി: 04.11.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 04812564886

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം